6/11/2020
FRIDAY

# MALAYALAM
## (Adisthana Padavali)

STD-X
class-17

Assignment

1) 'നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പതുങ്ങിയൊതുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ'
ഈ വരികളിലെ ചമത്കാരഭംഗി വ്യക്തമാക്കുക.

Ans) ഓണക്കാലത്തെ വരവേൽക്കാൻ ഒരുങ്ങുന്ന പ്രഭാതത്തെ വൈലോപ്പിള്ളി അവതരിപ്പിക്കുകയാണ്. ചങ്ങലവട്ടയെടുത്ത് അതിന്റെ നാളം ചുവന്നുതുടുത്ത വിരലുകൊണ്ട് നീട്ടി തുടുത്ത കവിളോടെയും അല്പം നാണത്തോടെയും ഓണക്കോടിയുടുത്ത് നിൽക്കുന്നു പ്രഭാതം എന്നാണ് കവി പറയുന്നത്. കിഴക്കൻ മല നിരകളാണ് ചങ്ങലവട്ട. അതിൽ തിരി നാളംപോലെ സൂര്യൻ ഉദിച്ചുയരുന്നു. സൂര്യോദയത്തിൽ പ്രദേശമാകെ ചെറിയ ചുവപ്പു നിറം വ്യാപിക്കും. ഇരുളുമാറി പ്രഭാതം പരക്കുന്ന മനോഹരദൃശ്യം വാക്കുകളിലൂടെ വരച്ചിടുകയാണ് കവി.

2) ഓണത്തപ്പനെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന പ്രകൃതി-വർണ്ണനകളിലെ മനുഷ്യഭാവം കണ്ടെത്തുക.

Ans) തിരികൾ തെറുത്ത് വിളക്കുകൊളുത്താൻ ദീപവും കൈയിലേന്തി നിൽക്കുന്ന പെൺകൊടിമാരോടാണ് കവി മുക്കുറ്റികളെ ഉപമിക്കുന്നത്. മഴയും വെയിലുമൊന്നും വകവയ്ക്കാതെ മുക്കുറ്റികൾ നിരന്നുനിൽക്കുന്നു. മുക്കുറ്റികൾ ഇങ്ങനെ നിൽക്കുന്നത് കാണുമ്പോൾ ഓണത്തെ വരവേൽക്കാൻ തിരികൾ തെറുത്ത് വിളക്കുമായി നിൽക്കുന്നതുപോലെ തോന്നും എന്ന് കവി പറയുന്നു. മുക്കുറ്റിക്ക് മാനുഷികഭാവം നൽകുകയാണ് ഇവിടെ കവി. ഓണക്കാലത്ത് മഹാബലിയെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന തുമ്പകൾക്ക് പൂക്കുടയും പിടിച്ച് അതിഥിയെ സ്വീകരിക്കാൻ നിൽക്കുന്ന സ്ത്രീകളുടെ ഭാവമാണ് നൽകിയത്.